## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2830

12/10/2011-ൽ മറുപടിക്ക്

### ഗ്രാമപഞ്ചായത്തിന്റെ ലോൺ ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിലെ പൊഴുതന ഗ്രാമ പഞ്ചായത്ത് കേരള സ്റ്റേറ്റ് റൂറൽ ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും എത്ര തുകയാണ് ലോൺ എടുത്തതെന്ന് വ്യക്തമാക്കുമോ; ലോൺ തുക, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിൽ എത്ര തുകയാണ് തിരിച്ചടയ്ക്കാനുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) മുൻ കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് ആദായകരമായ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊഴുതന ഗ്രാമ പഞ്ചായത്തിന് നിർമ്മിച്ച 15-11-1984 ൽ കൈമാറിയ ഷോപ്പിംഗ് കോംപ്ലക്സ് എന്ന പദ്ധതിയുടെ പദ്ധതിച്ചെലവിനത്തിൽ ആകെ ചെലവായ മുതൽ തുക കണക്കാക്കിയിട്ടുള്ളത് 17,12,149/- രൂപയാണ്. പ്രസ്തുത തുകയ്ക്ക് പലിശ ഇനത്തിൽ 18,90,272/- രൂപയും പിഴപ്പലിശ ഇനത്തിൽ 1,55,045/- രൂപയും ഉൾപ്പെടെ 37,57,462/- രൂപയാണ് പൊഴുതന ഗ്രാമ പഞ്ചായത്ത് ഇനിയും തിരിച്ചടയ്ക്കേണ്ടതായിട്ടുള്ളത്. മേൽ കുടിശ്ശിക തുക 31-03-1999 വരെയുള്ളതാണ്. പദ്ധതി ചെലവ് തിരിച്ചടവിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ 10-05-1999 ൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിനു ശേഷമുള്ള കാലയളവിൽ മുതൽ തുകയിൻമേൽ പലിശ, പിഴപ്പലിശ എന്നിവ ചുമത്തിയിട്ടില്ല. |
| (ബി) പ്രസ്തുത ലോൺ തുകയും പലിശയും ഒഴിവാക്കി നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) നൽകിയിട്ടുണ്ട്. ഷോപ്പിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ. എസ്. ആർ. ഡി. ബി യ്ക്ക് അടയ്ക്കുവാനുള്ള തുക പിഴപ്പലിശ ഒഴിവാക്കി മൂന്ന് അർദ്ധവാർഷിക തവണകളായി അടയ്ക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്രയും വലിയ സംഖ്യ തിരിച്ചടയ്ക്കുവാൻ ഗ്രാമപഞ്ചായത്തിനു കഴിയാത്ത സാഹചര്യത്തിൽ ലോൺ തുകയും പലിശയും ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആദായകരമായ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രകാരം കേരള സംസ്ഥാന ഗ്രാമവികസന ബോർഡുമായി കരാറുണ്ടാക്കി തുക കൈപ്പറ്റുകയും ആയത് കുടിശ്ശിക യാക്കുകയും ചെയ്ത ഗ്രാമപഞ്ചായത്തുകളുടെ കുടിശ്ശിക തുക ഈടാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അധിക പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി ഇനി അടച്ചു തീർക്കാൻ ശേഷിക്കുന്ന മുതലും ഗ്രാമ വികസന ബോർഡുമായി കരാർ ഉണ്ടാക്കിയിട്ടുള്ള കാലയളവിലെ പലിശയും നിരക്കിൽ കുടിശ്ശിക തുക കുറഞ്ഞത് 12 മുതൽ 20 വരെയുള്ള പലിശ രഹിത അർദ്ധ വാർഷിക ഗഡുക്കളാക്കി ഒടുക്ക് വരുത്തി ബാദ്ധ്യത അവസാനിപ്പിക്കാൻ ഇത്തരുണത്തിൽ കുടിശ്ശിക നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി 02-09-2010 ലെ സ.ഉ. (സാധാ) നം. 2896/10/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശിക ഗഡുക്കളുടെ എണ്ണം സംബന്ധിച്ച് തീരുമാനം സ്പെഷ്യൽ ഓഫീസർ, കേരള സംസ്ഥാന ഗ്രാമവികസന ബോർഡും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും സംയുക്തമായി തീരുമാനിക്കണമെന്നും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ